# ബിൽഗേറ്റ്സ് വീണ്ടും വരുന്നു!!!

**അശോകൻ ഞാറയ്ക്കൽ**

ഹാവൂ! നമ്മുടെ ഐടിക്കാർക്ക് ക്ഷ ബോധിച്ചിട്ടുണ്ടാകും. അവരുടെ കാണപ്പെട്ട ദൈവം വീണ്ടും ഇന്ത്യയിൽ വരുന്നു..നമ്മുടെയൊരു ഭാഗ്യം! ഇത്തവണ തിരുവനന്തപുരത്ത് വര്വോ ആവോ?

ഒക്ടോബർ ആദ്യവാരത്തിലെ വാർത്തയനുസരിച്ച് ബിൽഗേറ്റ്സ് നവംബറിൽ ഇന്ത്യ സന്ദർശിക്കുമത്രേ.

ലോകത്തിലെ ഒന്നാം നമ്പർ കോടീശ്വരൻ ഇന്ത്യയിൽ വരുന്നത് ആരാധകരെ കാണാനൊന്നുമല്ലെന്നു വ്യക്തം. ഇന്ത്യയിലെ അനുദിനം വലുതായി വരുന്ന ആഭ്യന്തര ഐ. ടി വിപണി തന്റെ ഉടമസ്ഥതയിലുള്ള മൈക്രോസോഫ്റ്റിന്റെ കൈപ്പിടിയിലൊതുക്കുകയാണ് മുഖ്യ ഉദ്ദേശ്യം. ഇ-ഗവേണൻസ്, നാഷണൽ ഐ. ഡി. കാർഡ് എന്നിങ്ങനെയുള്ള വമ്പൻ ഐ. ടി. പദ്ധതികളിൽ കേന്ദ്രവും സംസ്ഥാനങ്ങളും കൂടി പതിനായിരക്കണക്കിനു കോടി രൂപ മുതലിറക്കുമ്പോൾ മൈക്രോസോഫ്റ്റിന് വെറുതെ ഇരിക്കുവാൻ പറ്റുമോ? നമ്മുടെ കൊച്ചുകേരളത്തിലെ പഞ്ചായത്ത് കമ്പ്യൂട്ടറൈസേഷനു മാത്രം 600 കോടി രൂപ ഇക്കൊല്ലം ചെലവാക്കുമെന്നല്ലേ മന്ത്രി പഞ്ചായത്തുകാരേയും നഗരസഭാക്കാരേയും മഹാനഗരസഭക്കാരേയും വിളിച്ചുകൂട്ടി പറഞ്ഞത്? ശമ്പളം കൊടുക്കാൻ പോലും പണമില്ലാതെ വിഷമിക്കുന്ന സർക്കാരിന് കാശെവിടെയെന്നു ശങ്കിക്കേണ്ടാ. അതൊക്കെ എ. ഡി. ബി. ക്കാരു തരും. ഇനീപ്പോ, സമ്മതിക്കുന്നില്ലെങ്കിൽ ബിൽഗേറ്റ്സിനെക്കൊണ്ടു പറയിക്കാനും ശ്രമിക്കാം.

രാജ്യതാല്പര്യങ്ങളെ കത്തികകൾക്കു തീറെഴുതുന്ന ഭരണരാഷ്ട്രീയക്കാരുടെ ശൈലിക്കെതിരെ ജനകീയപ്രസ്ഥാനങ്ങൾ അടിയന്തിരമായി ജാഗരൂകരാകേണ്ട ഒരവസരം കൂടി വരികയാണ്.